# ഗവ. യു.പി.എസ് പേരിശ്ശേരി.

ഗവൺമെന്റ് UP സ്കൂൾ പേരിശ്ശേരി 2015-ൽ കേവലം 38 കുട്ടികൾ (1-7 std) ആയി അടച്ചുപൂട്ടലിന്റെ അവസ്ഥയിൽ നിന്നും * -2 മുതൽ 7 വരെ ക്ലാസ്സുകളിലായി 200 കുട്ടികളിൽ കൂടുതൽ എണ്ണവുമായി ചെങ്ങന്നൂർ സബ്ജില്ലയിലെ മികച്ച സ്കൂൾ ആയി മാറിയിരിക്കുന്നു. കഴിഞ്ഞ 3 വർഷങ്ങളിലായി അക്കാദമിക അക്കാദമികേതര മേഖലകളിൽ വലിയ മികവുകൾ നേടാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

LSS, USS സ്കോളർഷിപ്പുകളിൽ മികച്ച വിജയങ്ങൾ കായികമേളകളിൽ Overall ചാമ്പ്യൻഷിപ്പുകൾ ശാസ്ത്രോത്സവത്തിൽ 3 വർഷമായി Overall നേട്ടങ്ങൾ കലോത്സവത്തിൽ 3 വർഷമായി നേടിയ LP, UP Overall മികവുകൾ സ്കൂളിന്റെ മികവിന്റെ അടയാളങ്ങൾ ആണ്.

ഭൗതിക സാഹചര്യങ്ങളുടെ കുറവുകൾ പോരായ്മ എന്നത് തന്നെയാണ്. മതിയായിട്ടില്ലാത്ത കെട്ടിടങ്ങൾ, Staff room, മികച്ച രീതിയിൽ പ്രവർത്തിക്കുവാൻ തടസ്സമാകുന്ന Lab, Library സൗകര്യങ്ങൾ എന്നിരുന്നാലും ഈ പരിമിതികൾ വിദ്യാഭ്യാസ ഏജൻസികളിലൂടെ പരിഹരിക്കാൻ കഴിയുന്നതാണ്.

വിദ്യാർത്ഥികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കൊണ്ട് ആവിഷ്കരിച്ച പ്രവർത്തനങ്ങൾ നടപ്പിലാക്കുകയാണ്.

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥകളുമായി കുട്ടികൂട്ടങ്ങൾ സംഘടിപ്പിക്കൽ | സെപ്തംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ SRG SMC | SMC |
| | 2) അമ്മ പറയട്ടെ അമ്മമാർ കുട്ടി കഥകൾ അവതരിപ്പിക്കുന്നു. | ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ SRG | |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖനമികവ് | ലഘുപതിപ്പുകൾ തയ്യാറാക്കൽ | ഡിസംബർ | മദർപിടിഎ സ്റ്റാഫ് | മദർ പി.ടി. എ |
| സർഗാത്മകതയെ തട്ടിയുണർത്താം | 1) രചനാശില്പശാല കഥ ,കവിത രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ ജനുവരി | SMC അധ്യാപകർ | SRG SMC |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അധ്യാപകർ SMC | SMC |
| വായനാ പരിപോഷണം | പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | SMC SRG | SMC SRG |
| | വായനാക്കളരി | ആഴ്ചയിലൊന്ന് | | |

# മലയാള ഭാഷ (std IV)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ്ടീച്ചർ | PTA ഫണ്ട്. |
| വായിക്കാം വളരാം<br>വായനാശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം<br>വായനാകുറിപ്പ്, ആസ്വാദനകുറിപ്പ് | വർഷം മുഴുവൻ | HM SRG Class Teacher | PTA |
| എഴുതാം തെളിയാം<br>എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ | SRG Class Teacher | PTA |

ENGLISH

| Aim (Learning Objectives) | Activities | Duration | Charge (Responsibility) | Financial support |
|---|---|---|---|---|
| * ~~Gi...~~<br>* Listens to instructions and engage in activities | * Give more chances to hearing instructions based on the day to day life and classroom.<br>* Show the pictures of action verbs<br>* Performing actions by hearing instruction and commands | June - December | Class teacher | SMC |
| * Describes the picture | * The teacher shows a picture<br>* Discussion<br>* The children talk about the picture.<br>* Slow learners :- Gives opportunity to express their ideas in malayalam | June to August | Class teacher | SMC |
| * Arrange words in Alphabetical order | Dictionary<br>* Introducing the dictionary<br>* Gives words<br>* Arranging words in alphabetical order | July to March | Class teacher | SMC |

| | | | | |
|---|---|---|---|---|
| * Add more exchanges to the conversation suitable to the context | * Reading the conversation<br>* Conversation is acting with friends<br>* Adds more exchanges to the conversation.<br>- slow learners<br>Gives opportunity to express their idea in Malayalam | July to March | class teacher | SMC |
| * Identifies rhyming words from the poem. | Rhyming words<br>* Plays the audio of song.<br>* let the learner sing after the audio<br>* Discussion<br>* Identifies rhyming words | July to September | | |
| * Add lines to a poem following a set pattern | Add more lines<br>* Plays the audio of song<br>* let the learner sing after the audio<br>* add lines to the poem | July to September | | |

| | | | | |
|---|---|---|---|---|
| Reads and understands the given stories and Poems. | Let's Read<br>* Provides the opportunity to read simple stories and Poems.<br>* They told the story they read. | December to March. | | |
| * Makes Simple riddles | * Gives children the opportunity to hear and answer simple riddles.<br>* Makes simple riddles.<br>* Slow learners<br>Gives opportunity to express their idea in malayalam. | August to March | | |
| * Reading card making | Distribute simple and familiar pictures.<br>* Give chances to talk about pictures<br>* Find out the content<br>* Give more chance to use simple english words<br>* Distribute the model of english reading cards. | | | |

| | | | | |
|---|---|---|---|---|
| | * Reading card making. | | | |
| * English Assembly | . Assembly once in a month (children are conducting the assembly) | once in a month. | Class teacher. | |
| * English Theatre | To present the discourses (Drama, skit, conversation, story telling) according to the textbooks | once in a month | Class teacher | SMC |
| * English Fest | Presentation of Roleplay, skit, rhymes, ~~presentation~~ in public places.<br>* Venue and time fixation<br>* practice time<br>* Presentation | March | SRG | SMC |

ക്ലാസ് - 1 ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ഗണിത മാഗസിൻ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | SSA |
| | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിന ക്യാമ്പ് | സപ്തംബർ | ക്ലാസ് ടീച്ചർ | |
| | ഗണിത പ്രവർത്തനങ്ങൾ കളികളിലൂടെ | മാസത്തിൽ ഒന്നുവീതം. | ക്ലാസ് ടീച്ചർ | |

ക്ലാസ് - II ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിതപ്പസിലുകളും പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ | SSA |
| | ഗണിതം കളികളിലൂടെ | മാസത്തിൽ ഒന്ന് വീതം | | |

ക്ലാസ് - III ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം. | ഒറിഗാമി ശില്പശാല രസകരമായി ഗണിത പഠനവും, നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്കൽ | ഒക്ടോബർ | | |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | ക്ലാസ് ടീച്ചർ | |

ക്ലാസ്- IV ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (പ്രവൃത്തിക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ മൂല്യനിർണയം. (ഏണിയും പാമ്പും, ചെസ്സ് കളി) സങ്കലനം - വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം.... | | | | |
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ ഉചിതമായ (സമയത്ത്) | ക്ലാസ് ടീച്ചർ. | |
| ഗണിതലാബ് | | | | |
| ഗണിത പഠനം പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ HM SRG | |

| | | | | |
|---|---|---|---|---|
| ഗണിതച്ചുമർ | | | | |
| ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഗണിതമേള. | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ, പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ. | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാരശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള- പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചിട്ടുള്ള പാചകവും രുചി അറിവും | ജൂൺ - ജൂലൈ, ആഗസ്ത് | ക്ലാസ് ടീച്ചർ SRG S[illegible] | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം ഔഷധത്തോട്ടം | ഡിസംബർ ജനുവരി | SRG SMC | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വസന്ദേശ ക്ലാസുകൾ, [illegible]ദ്രരചന | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ SRG SMC | |
| പ്രകൃതിയെ അറിയാൻ | പ[illegible]ടത്തം കാഴ്ച ബംഗ്ലാവിലേക്ക് | സെപ്റ്റംബർ ഡിസംബർ | SRG | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം, കൃഷിയിടത്തിലേക്ക് | ജനുവരി | SRG SMC | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം, ലഘു പരീക്ഷണങ്ങൾ | ജൂൺ - ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ SRG | |
| പ്രകൃതി വിഭവ സംരക്ഷണം | പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിത്തം | ജൂലൈ - ഡിസംബർ | SRG | SMC |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | പരീക്ഷണം വീടിനകത്തും, ശാസ്ത്ര മാസികകൾ | | SRG SMC | |

ല - അക്കാദമികം

ല - പരിസരപഠനം

ക്ലാസ് - IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിരീക്ഷണം- അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ SRG | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ലഘുപരീക്ഷണങ്ങൾ | സെപ്തംബർ ഡിസംബർ | SRG | SMC |
| കേരളം- ഇന്ത്യ- ഭൂപടവായന | ഭൂപടവായന, ഭൂപടരചന സൂചികാനിർമ്മാണം | ജനുവരി | SRG | |

മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | " | |
| | Breaking News ഇംഗ്ലീഷ് റേഡിയോ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man. അധ്യാപികയും, വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം Record ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം | ജൂൺ | | |

| | | | | |
|---|---|---|---|---|
| | റിക്കോർഡ് ചെയ്ത് കുട്ടികളുടെ സംഭാഷണം മുതലായവ കേൾപ്പിക്കുന്നു. അധ്യാപികയുടെ ടോൺ കുട്ടികൾക്ക് അനുകരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | | | |
| | Treasure Hunt മുതലായവ വസ്തുക്കൾ ഉപയോഗിച്ച് വിവിധ ഗെയിമുകളാക്കുന്നു. ഓരോ ഗെയിമുകൾക്കും നമ്പർ നൽകി നമുക്കെടുപ്പിച്ചു ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണ്ണിക്കുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Meet the Foreigner അന്യ ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | | | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകൻ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | I Too Can !! എന്നപേരിൽ തലക്കെട്ടിലായി വിവിധ വായന കാർഡുകൾ ശേഖരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു (ഗ്രന്ഥാലയത്തിൽ നിന്നും സമ്പൂർണ്ണ വായനയിലേക്ക്) | ജൂലൈ | | |
| | Learning Ladder : പാഠഭാഗങ്ങളിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. പുതുവൻ വാക്കുകളും ശരിയായി മനസ്സിലാക്കുവാൻ പരിപാടിയായി ഉച്ചാരണങ്ങൾ ... | ജനുവരി | ഇംഗ്ലീഷ് അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സ്ഥാനം അടിക്കുകയും ചെയ്യുന്നു.<br>FM Corner വ്യത്യസ്തമായ കഥകൾ<br>Reader's theatre റേഡിയോ നാടക രൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | [illegible]<br>ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| 3) തെറ്റുകൂടാതെ English എഴുതാൻ പ്രാപ്തരാക്കുന്നു. | Reader of the Month - ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ തെരഞ്ഞെടുക്കുന്നു.<br>My Droplets കുട്ടികളുടെ കലാസൃഷ്ടികളുൾ-പ്പെടുത്തി ക്ലാസ് മാഗസിൻ, ചിത്രപതിപ്പുകൾ എന്നിവ തയ്യാറാക്കുന്നു.<br>Alert Zone സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അങ്കണത്തിലും ക്ലാസ് മുറികളിലുമായി പ്രദർശിപ്പിക്കുന്നു. | മാസംതോറും.<br>[illegible]<br>വർഷാവസാനം<br>~~[illegible]~~ ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം ഓടിച്ചെന്ന് ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും കൂടുതൽ വാക്കുകൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയികളായി പ്രഖ്യാപിക്കുന്നു.<br>Fun time funda - കടംകഥകൾ, കുസൃതിചോദ്യങ്ങൾ, പഴഞ്ചൊല്ലുകൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | ഫെബ്രുവരി<br>[illegible]<br>എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 4) ഇംഗ്ലീഷ് ഭാഷ-യോടുള്ള ആത്മ-വിശ്വാസം ഉയർത്തു-ന്നു. | The Grand Camp ഇംഗ്ലീഷിൽ താല്പര്യമുള്ള കുട്ടികളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് [illegible] സ്കൂളിൽ ഒരു ഇംഗ്ലീഷ് Camp നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു. അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത് ആറിന് Role Play, നാടകം എന്നിവ പ്രത്യേകമായി ഏഴാം ക്ലാസിന് കവിതയും പ്രസംഗ മത്സരങ്ങളും ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി/ ഫിലിം ഷോ. | വർഷാവസാനം | | ഇംഗ്ലീഷ് അദ്ധ്യാപകർ പി.ടി.എ. ഭാരവാഹികൾ രക്ഷിതാക്കൾ | |

മേഖല - യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| (1) ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിൽ) | 1. Pre-test<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ പറയൽ<br>10. ചിത്രം - കഥ എഴുതൽ<br>11. കഥ - ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. C.D-ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14. ഭാഷാപരമായ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 2 മാസം<br>ആഗസ്റ്റ് - സെപ്റ്റംബർ | ഭാഷാധ്യാപകർ<br>പുസ്തകങ്ങൾ<br>C.D | BRC<br>DIET<br>SCERT<br>P.T.A |

| | | | | |
|---|---|---|---|---|
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മ വായന<br>8. പുസ്തകചർച്ച<br>9. വായനാനുഭവം പങ്കുവെയ്ക്കൽ<br>10. വായനാക്കുറിപ്പ് പതിപ്പ്<br>11. വിദ്യാരംഗം കലാ - സാഹിത്യ വേദി പ്രവർത്തനം ക്ലാസ് സഭ<br>12. സ്കൂൾ സഭ, ബാലസഭ<br>13. ദിനാചരണങ്ങൾ<br>14. ആകാശവാണി ക്ലബ്ബ്<br>15. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | 6 മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനാമൂല | BRC<br>DIET<br>SCERT<br>ഗ്രന്ഥശാല<br>PTA |

| | | | | |
|---|---|---|---|---|
| | 16. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>17. ആസ്വാദകരമായ വായന<br>18. വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>19. ഇ-വായന<br>20. പുസ്തകം ഉരുക്കൽ (UP വായന)<br>21. വായനക്കൂട്ടം – മോണിറ്ററിംഗ്<br>22. കാവ്യകൂട്ടം | ഇന്റർനെറ്റ് കമ്പ്യൂട്ടർ | ERC<br>UP അധ്യാപകർ<br>ഇന്റർനെറ്റ് കമ്പ്യൂട്ടർ | BRC |
| (3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | 1. എഴുത്തുകൂട്ടരൂപീകരണം<br>2. പുസ്തകചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4. വായനക്കുറിപ്പ് പതിപ്പ്<br>5. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ്, പുസ്തകം<br>6. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>7. ഇൻലൻ്റ് മാഗസിൻ, ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ | 6 മാസം | ലൈബ്രറി<br>പുസ്തകങ്ങൾ | BRC<br>DIET<br>SCERT<br>PTA |

| | | | | |
|---|---|---|---|---|
| | 8. സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>9. എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>10. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>11. ബാലസഭ<br>12. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>13. വ്യക്തിഗത രചന സംഘരചന<br>14. ഭാഷാ പ്രോജക്ട്<br>15. സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം<br>16. രചയിതാക്കളെ പരിചയപ്പെടൽ<br>17. സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി | ഓഡിറ്റോറിയം | ജീവചരിത്ര പുസ്തകങ്ങൾ<br>ഗ്രന്ഥശാല<br>ഫോട്ടോകൾ<br>പുസ്തകങ്ങൾ | BRC<br>ജനപ്രതിനിധി<br>P.T.A<br>Teachers |

മേഖല - യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| (1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അകത്തട്ട് - കളിയിൽനിന്ന് കാര്യത്തിലേക്ക്<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | ഓർമ്മച്ചെപ്പ്<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനങ്ങൾ മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി താണ്ഡവം: നേർക്കാഴ്ച<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും | | | |

| | | | | |
|---|---|---|---|---|
| | അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| (5) സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | <u>നന്മയുടെ നുറുങ്ങുവെട്ടം</u><br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA |
| (6) വിവര വിനിമയ സാങ്കേതികവിദ്യയുടെ | | | | |

| | | | | |
|---|---|---|---|---|
| ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | <u>ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം</u><br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| (7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | <u>കാടെവിടെ മക്കളെ (ഫീൽഡ് ട്രിപ്പ്, സർവ്വേ)</u><br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | " | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| (8) സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നു. | <u>ഉന്നതചക്രവാളത്തിലേക്ക്</u><br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടുന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്വിസുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| (1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | <u>നിശാഗന്ധി - ജൈവവൈവിധ്യ പാർക്ക്</u>: ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മരങ്ങൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ് സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | PTA |
| | കണ്ടറിയാനൊരു യാത്ര വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് | ജൂലൈ | ശാസ്ത്രാധ്യാപകർ ഊർജ്ജക്ലബ്ബ് സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| | നിരീക്ഷണം, പ്രകൃതിയെ അറിയാൻ യാത്രകൾ<br>**പരീക്ഷണക്കളരി-**<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണം. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | |
| (2) ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്**<br>ഊർജ്ജ ക്ലബ്, ആരോഗ്യ ക്ലബ്, ശാസ്ത്ര ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | |

| | | | | |
|---|---|---|---|---|
| | റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>**എക്സ്പ്ലോർ-എക്സ്പ്ലോർ**<br>ആധുനിക ശാസ്ത്രലോകത്തി-ന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാ-പകർ | സയൻസ് ക്ലബ് |
| | **ശാസ്ത്രവിസ്മയചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്-മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാ-പകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയ-ങ്ങളുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് | പി.ടി.എ സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| 3) ശാസ്ത്ര രംഗത്തെ നൂതനാശയ-<br>-ങ്ങൾ അവലംബിച്ച് ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു.<br>യുറേക്കാ<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർധിപ്പിക്കുന്നതിനായി ക്ലാസു-<br>-കളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി<br>വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ, കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവു-<br>-മായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| | | | |
|---|---|---|---|
| | എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ |
| (4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോ- -ന്മുഖത വർദ്ധിപ്പിക്കൽ | <u>Atal Tinkering Laboratory</u> പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത fullerine പോലെയുള്ള മൂലക- -ങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു. ഇലക്ട്രോണിക്, റോബോട്ടിങ് സാധ്യത ഉപയോഗിച്ച് ഉപകരണനിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ |

മേഖല - അക്കാദമികം    ഉപമേഖല : ഹിന്ദി ഭാഷ

| നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തുന്നു | ജൂൺ ആദ്യ വാരം | V, VI, VII | ഹിന്ദി അധ്യാപിക | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ. CWSN, SLOW LEARNERS കുട്ടികൾക്ക് വേണ്ട അധികപിന്തുണ ഉറപ്പാക്കൽ. |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന, ഭാഷാശേഷി പ്രവർത്തനങ്ങൾ, പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. | ജൂലായ് | V, VI, VII | " | |
| 3. | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക. ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക. എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനംദിന ആവർത്തന | പ്രതിദിനം | " | " | |

| | | | |
|---|---|---|---|
| CWSN , SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം - ICT മുഖാന്തരം പല വർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം. | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപിക |
| 5. ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | " | " |
| 6. ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക. ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 5,6,7 | " |
| 7. കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 5,6,7 | " |
| 8 പാഠഭാഗവുമായി ബന്ധപ്പെട്ട് ഓഡിയോ, വീഡിയോ കേൾപ്പിക്കുക. ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | " | " |
| 9. കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക. | സെപ്റ്റംബർ to ഒക്ടോബർ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 5,6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക, പഠിപ്പിച്ചെടുക്കുക. | • പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| ഹിന്ദി വായന : തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശീലനം ചെയ്യും. | • നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. | '' | " |
| ഹിന്ദി സംസാരം : ഹിന്ദി സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | • ഹിന്ദി മാത്രം ക്ലാസ്സുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. | " | " |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും, സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം. | ഹിന്ദി അസംബ്ലി, ദിനാചരണങ്ങൾ (sep 14, ജനുവരി 10) അധിക വായന സാമഗ്രികൾ | November to February | |

മേഖല - യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കളും ഉറപ്പുവരുത്തുന്നു. | ഗണിത ശിൽപ്പശാല<br>കളികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ് --- ഉപയോഗിക്കുന്നു). | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2. രസകരമായ ഗണിതശാസ്ത്ര പഠനവും കര-ചലന ശേഷികളുടെ വികാസവും | ഒറിഗാമി ശിൽപ്പശാല.<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകാൻ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്താൻ, പ്രദർശനം സംഘടിപ്പിക്കാൻ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, പി.ടി.എ |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം. | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു മാസം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിതശേഷികൾ കുട്ടികളിലും വർദ്ധിപ്പിക്കൽ | ഗണിത ഗ്രാമം<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ. |

| | | | | |
|---|---|---|---|---|
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു ഐ.ടി. സാധ്യതകളിലൂടെ. ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ, ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്കെത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു തവണ | ഗണിത അധ്യാപകർ | |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരുദിവസ | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം. | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |